# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -33)*

( ഹാജർ : ശ്രീമതി കെ.ബി.വത്സലകുമാരി, ഐ.എ.എസ് )

**എൽ.ആർ(റ്റി)1-7838/09** **തീയതി :26.12.2011**

വിഷയം:- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - 01.01.2006 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ തഹസിൽദാർ / സീനിയർ സൂപ്രണ്ട് തസ്തികയിലുണ്ടായ ഒഴിവുകൾ- അംഗീകരിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്.

വായന :-
01. ലാന്റ് റവന്യു കമ്മീഷണറുടെ 23-08-2006 ലെ എൽ.ആർ.(റ്റി)1-8980/2005 നമ്പർ നടപടിക്രമം.
02. ലാന്റ് റവന്യു കമ്മീഷണറുടെ 19-09-2007 ലെ എൽ.ആർ.(റ്റി)1-21300/2007 നമ്പർ നടപടിക്രമം.
03. അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ) യുടെ 19-12-2011 ലെ എൽ.ആർ.(ഇ)5-53738/2011 നമ്പർ റിപ്പോർട്ട്.

വായന (1) പ്രകാരം, 01.01.2004 മുതൽ 31.12.2005 വരെയുള്ള കാലയളവിലെ തഹസിൽദാർ/സീനിയർസൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റും വായന (2) പ്രകാരം, 01.01.2006 മുതൽ 31.12.2006 വരെയുള്ള കാലയളവിൽ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലുണ്ടായ ഒഴിവുകൾ തിട്ടപ്പെടുത്തിയും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

2. തഹസിൽദാർ / സീനിയർ സൂപ്രണ്ടുമാരുടെ തസ്തികയിലുണ്ടായ ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്.

1. പ്രൊമോഷൻ മുഖേന ഉണ്ടായ ഒഴിവുകൾ.
2. സർവ്വീസിൽ നിന്നും വിരമിയ്ക്കൽ, മരണം, സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെടൽ, രാജി വെയ്ക്കൽ, ഡിപ്പാർട്ട്മെന്റ് വിട്ടുപോകൽ - ഇവ മുഖേനയുണ്ടായ ഒഴിവുകൾ.
3. പുതുതായി തസ്തികകൾ സൃഷ്ടിച്ചതുമൂലമുണ്ടായ ഒഴിവുകൾ
4. പ്രസ്തുത കാലയളവിൽ നിർത്തലാക്കിയ തസ്തികകൾ

3. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 01.01.2007 മുതൽ 31.12.2010 വരെയുള്ള കാലയളവിൽ ലാന്റ് റവന്യു വകുപ്പിൽ തഹസിൽദാർ /സീനിയർ സൂപ്രണ്ടുമാരുടെ തസ്തികയിലുണ്ടായ ഒഴിവുകളും പ്രസ്തുത കാലയളവിൽ സൃഷ്ടിച്ച/നിർത്തലാക്കിയ തസ്തികകളുടെ വിവരങ്ങളും ഉൾപ്പെടുത്തി വായന (3) പ്രകാരം അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ) റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

4. വായന (2) പ്രകാരം, 01.01.2006 മുതൽ 31.12.2006 വരെയുള്ള കാലയളവിൽ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലുണ്ടായ ഒഴിവുകൾ തിട്ടപ്പെടുത്തിയതിൽ 31.12.2006-ൽ 3 തഹസിൽദാർ/സീനിയർ സൂപ്രണ്ടുമാർ സർവ്വീസിൽ നിന്നും വിരമിച്ചത് മൂലം 01.01.2007-ൽ ഉണ്ടായ 3 ഒഴിവുകൾ കൂടി ഉൾപ്പെടുത്തിയാണ് ആകെ ഒഴിവുകൾ 125 എന്ന് ഉത്തരവായിരുന്നത്. കൂടാതെ, 31-01-2006 ൽ ഒരു തസ്തിക നിർത്തലാക്കിയതും 14-08-2006ൽ പുതുതായി സൃഷ്ടിച്ചതു മൂലമുണ്ടായ ഒരു ഒഴിവും അതോടൊപ്പം കണക്കിലെടുത്തിരുന്നുമില്ല. ആയത് കൂടി കണക്കിലെടുത്തും 01.01.2007-ലേതായി ചേർത്ത 3 ഒഴിവുകൾ ഒഴിവാക്കിയും 01.01.2006 മുതൽ 31.12.2006 വരെയുള്ള കാലയളവിൽ തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തികയിൽ ആകെ 122 ഒഴിവുകൾ (നൂറ്റിഇരുപത്തിരണ്ട് മാത്രം) ഉണ്ടായിട്ടുള്ളതാണ്.

5. ഈ സാഹചര്യത്തിൽ പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി 01.01.2006 മുതൽ 31.12.2006 വരെയുള്ള കാലയളവിൽ തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തികയിലെ ആകെ ഒഴിവുകൾ 122 ആയി പുനർനിർണ്ണയിച്ചും വായന (3) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 01.01.2007 മുതൽ 31.12.2010 വരെയുള്ള കാലയളവിൽ ലാന്റ് റവന്യു വകുപ്പിൽ തഹസിൽദാർ /സീനിയർ സൂപ്രണ്ടുമാരുടെ തസ്തികയിലുണ്ടായ ആകെ ഒഴിവുകൾ 379 (മുന്നൂറ്റി എഴുപത്തി ഒൻപത് മാത്രം) ആയി തിട്ടപ്പെടുത്തിയും വർഷം തിരിച്ചുള്ള ഒഴിവുകൾ താഴെ ചേർത്തതു പ്രകാരം അംഗീകരിച്ചും ഉത്തരവാകുന്നു.

<u>വർഷം തിരിച്ചുള്ള ഒഴിവുകൾ :</u>

| തഹസിൽദാർ /സീനിയർ സൂപ്രണ്ടുമാരുടെ ഒഴിവുകളുടെ കാലയളവ് | | ആകെ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 01.01.2006 മുതൽ 31.12.2006 | : | 122 |
| 01.01.2007 മുതൽ 31.12.2007 | : | 135 |
| 01.01.2008 മുതൽ 31.12.2008 | : | 100 |
| 01.01.2009 മുതൽ 31.12.2009 | : | 57 |
| 01.01.2010 മുതൽ 31.12.2010 | : | 87 |

6. 01.01.2006 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ടി ഒഴിവുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ളതുമാകുന്നു.

ഒപ്പ്

**കമ്മീഷണർ.**

<u>പകർപ്പ്</u> :
1) എല്ലാ ജില്ലാ കളക്ടർമാർക്കും
2) സെക്രട്ടറി, ലാന്റ് ബോർഡ്,
3) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്
4) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
5) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
6) അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
7) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.